(സി) താനൂർ മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമ്മാണത്തിനായി 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 30-1-2013-ൽ 4487 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിച്ച് 38% പുരോഗതി കൈവരിക്കുകയും ചെയ്തു. ബ്രേക്ക് വാട്ടർ നിർമ്മാണം, റിക്ലമേഷൻ ബണ്ട് നിർമ്മാണം എന്നിവയാണ് പുരോഗമിച്ചുവരുന്ന ഘടകങ്ങൾ. 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെട്ട മൂനയ്ക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി 231 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പുരോഗമിച്ച് വരികയും ചെയ്യുന്നു. വാർഫ്, കൾവർട്ട്, പാർക്കിംഗ് ഏരിയ, റിക്ലമേഷൻ ബണ്ട് നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

മത്സ്യവിത്ത് സെന്ററുകൾ

100 (1805) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ കേരളാ മത്സ്യവിത്ത് നിയമമനുസരിച്ച് സംസ്ഥാന വിത്ത് സെന്ററും റീജിയണൽ വിത്തു സെന്ററുകളും നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സെന്ററുകൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2014-ലെ കേരള മത്സ്യവിത്ത് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചട്ടങ്ങൾ കൂടി പുറപ്പെടുവിച്ചതിനുശേഷം മാത്രമേ കേരള മത്സ്യവിത്ത് ആക്ടിൻ കീഴിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന സംസ്ഥാന മത്സ്യവിത്ത് സെന്ററുകളും റീജിയണൽ മത്സ്യവിത്ത് സെന്ററുകളും പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളു. 2014-ലെ കേരള മത്സ്യവിത്ത് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ കേരള മത്സ്യവിത്ത് ചട്ടങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly